പോലീസ് സേനയിലെ ഒഴിവുകൾ നികത്താൻ നടപടി

196 (6345) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ആംഡ് റിസർവ്വ് പോലീസിലും ലോക്കൽ പോലീസിലും എത്ര ഒഴിവുകൾ നിലവിലുണ്ട് ; അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) മലപ്പുറം എം.എസ്.പി. ബറ്റാലിയനിൽ നിന്നും എ. ആറിലേക്കും, ലോക്കൽ പോലീസിലേക്കും ട്രാൻസ്ഫർ നൽകാറുണ്ടോ ;

(സി) എങ്കിൽ അവസാനമായി എന്നാണ് ട്രാൻസ്ഫർ നൽകിയത് ; എത്ര പേർക്ക് നൽകി ; ആറ് മാസത്തിലധികമായി ട്രാൻസ്ഫർ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 50-ൽപ്പരം വരുന്ന പോലീസ് കോൺസ്റ്റബിൾമാരുടെ എച്ച്.സി. പ്രൊമോഷൻ സംബന്ധിച്ച ആഭ്യന്തര വകുപ്പിന്റെ 117304/A1/13 നമ്പർ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഇ) റിട്ടയർമെന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഭരണവിഭാഗം എ.ഡി.ജി.പി.-ക്ക് അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മലപ്പുറം ആംഡ് റിസർവ്വിൽ നിലവിൽ ഒഴിവുകളില്ല. ലോക്കൽ പോലീസിലുള്ള 6 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മലപ്പുറം എം.എസ്.പി. ബറ്റാലിയനിൽ നിന്നും ആംഡ് റിസർവ്വിലേക്ക് ട്രാൻസഫർ നൽകാറുണ്ട്. എന്നാൽ ലോക്കൽ പോലീസിലേക്ക് ട്രാൻസ്ഫർ നൽകാറില്ല.

(സി) 22-1-2014-ലെ എസ്.ഒ.നമ്പർ 18/14 എ.പി.ബി.പ്രകാരം 45 പേർക്ക് കോഴിക്കോട് എ.ആറിലേക്ക് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്. കൂടാതെ, 22-1-2014-ലെ എസ്.ഒ.നമ്പർ 19/14 എ.പി.ബി. പ്രകാരം 20 പേർക്ക് മലപ്പുറം ആംഡ് റിസർവ്വിലേക്ക് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്. അവസാന ട്രാൻസ്ഫർ നടന്നിട്ട് 6 മാസത്തിലധികമായിട്ടില്ല.

(ഡി) പോലീസ് ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി പുനർനിർണ്ണയം സംബന്ധിച്ചുള്ള തുടർനടപടികൾ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തി വയ്ക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly